# ഏലിയ – ശ്ലീഹ – മൂശാക്കാലം

## വചന വിചിന്തനം

### മൂശക്കാലം നാലാം ഞായർ

മത്താ 20,1-16

12/10/2014

എന്തുകൊണ്ട് ദൈവം ഇടപെടുന്നില്ല എന്ന ചോദ്യത്തിന് പകരം ദൈവം ഇടപെടുന്ന നിമിഷത്തിന് വേണ്ടി കാത്തിരിക്കാനുള്ള ആഹ്വാനമാണ് വചനഭാഗം. യജമാനൻ അഞ്ച് പ്രാവശ്യം തന്റെ തോട്ടത്തിലേയ്ക്ക് കൂലിക്കാരെ അന്വേഷിച്ച് യാത്രയാകുന്നുണ്ട്. പതിനൊന്നാം മണിക്കൂറ് വരെയും നിരാശപ്പെടാതെ യജമാനന്റെ വരവും പ്രതീക്ഷിച്ചിരുന്നവർക്ക് കർത്താവ് നൽകുന്ന സൗഭാഗ്യമാണ് ദൈവരാജ്യം. കർത്താവിന്റെ നീതിയും മണ്ണിന്റെ മക്കളുടെ നീതിയും തമ്മിൽ പൊരുത്തപ്പെട്ട് പോകുന്നതല്ല. 'അവസാനം വന്നവർ മുതൽ ആദ്യം വന്നവർക്കുവരെ കൂലി കൊടുക്കുകയെന്നതും അവസാനം വന്നവർക്കും ആദ്യം വന്നവർക്കും ഒരേ കൂലി കൊടുക്കുകയെന്നതും' അത് യജമാന്റെ മാത്രം നീതിനങ്കൽപ്പമാണ്. ഇത് മനുഷ്യന് അഗ്രാഹ്യമാണ്.

അവസാനം വന്നവനും
ആദ്യം വന്നവന്റെ പ്രതി
ഫലം ലഭിക്കുന്നു...
എങ്കിൽ, മരണത്തിനു
തൊട്ടുമുമ്പ് അനുതപിച്ചാൽ
പോരേ?
പോരാാാാാാാാ....
ഈ നിമിഷം, ഇതാണ്
അനുതാപത്തിനുള്ള
യഥാർത്ഥ സമയം

ഒരായുസിന്റെ പകുതി മുഴുവൻ പിതാവിന്റെ കാൽക്കീഴിൽ, പിതാവിന്റെ വാക്കും കേട്ട് 'നല്ല മകനായി' ജീവിച്ച മൂത്ത പുത്രനും നാശത്തിന്റെ സന്താനമായി ജനിച്ച് വീട്ടുക്കാർക്കും നാട്ടുക്കാർക്കും കണ്ണുനീര് മാത്രം സമ്മാനിച്ച ദൂർത്തപുത്രൻ അവസാനനിമിഷം അനുതപിക്കുന്ന ദൂർത്തപുത്രനും വീട്ടിൽ ഒരേ സ്ഥാനം നൽകുന്ന പിതാവിന്റെ നീതിബോധം യജമാനന്റെ നീതി ബോധത്തോട് തുല്ല്യമാണ്. യഹൂദനിയമങ്ങളെല്ലാം അന്യൂനം പാലിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്ത് ഫരിസേയനേക്കാൾ 'കർത്താവെ, പാപിയാണ് ഞാൻ' എന്ന് പറഞ്ഞ് ദൈവതിരുസന്നിദ്ധിയിലേയ്ക്ക് മിഴികളുയർത്താത്ത പാപിക്ക് പ്രഥമസ്ഥാനം നൽകുന്നതും കർത്താവിന്റെ നീതി ബോധമാണ്. 'ദൈവരാജ്യം ശക്തൻമാർ കൈക്കലാക്കുന്നു' എന്നുള്ള ക്രിസ്തുവചനംപ്പോലെ ഒരായുസ് മുഴുവൻ ദൈവരാജ്യത്തിലും ദൈവരാജ്യസംസ്ഥാപനത്തിനും വേണ്ടി ജീവൻ സമ്മാനിച്ച് അബ്രാഹത്തിനോട് അവസാന നിമിഷത്തെ അനുതാപത്തിലൂടെ സ്വർഗ്ഗരാജ്യം സ്വന്തമാക്കിയ നല്ല കള്ളനോട് തുലനം ചെയ്യുന്നതും കർത്താവിന്റെ നീതി ബോധമാണ്. കർത്താവിന് വേണ്ടി നിരവധി ശുശ്രൂഷകൾ സമ്മാനിച്ച മർത്തയേക്കാൾ ഒന്നും ചെയ്യാതെ കർത്താവിനോട് കൂടെയായിരുന്ന മറിയത്തെ പ്രകീത്തിക്കുന്നതും കർത്താവിന്റെ നീതി ബോധോമാണ്. മൂന്ന് പ്രാവശ്യം തള്ളിപറഞ്ഞ പത്രോസും സ്നേഹിക്കാൻ മാത്രമറിയാവുന്ന യോഹന്നാനും കർത്താവിന്റെ മുമ്പിൽ സമൻമാരാണ് എന്നുള്ളതാണ് കർത്താവിന്റെ നീതി ബോധം. കർത്താവിന്റെ നീതി ബോധം മനുഷ്യന് അഗ്രഹ്യമാണ്.

മൂന്ന് ചോദ്യങ്ങളാൽ ഈ ഉപമ അത്ഭുതാവഹമാണ്. 1. എന്തിന് വേണ്ടിയാണ് യജമാനൻ വീണ്ടും വീണ്ടും ചന്തസ്ഥലത്തേയ്ക്ക് പോകുന്നത്? 2. ജോലിക്കാർ എന്തുകൊണ്ടാണ് ആദ്യ വരവിൽ തന്നെ യജമാനന്റെ ദൃഷ്ടിയിൽ പെടാതിരുന്നത്? 3. എന്തുകൊണ്ടാണ് ആദ്യം വന്നവനും അവസാനം വന്നവും കർത്താവ് ഒരേ കൂലി തന്നെ നൽകുന്നത്?

എന്തിന് വേണ്ടിയാണ് യജമാനൻ വീണ്ടും വീണ്ടും ചന്തസ്ഥലത്തേയ്ക്ക് പോകുന്നത്? ഈ ചോദ്യത്തിന് ഉത്തരം കിട്ടണമെങ്കിൽ പാലസ്തീനായെക്കുറിച്ചുള്ള ചരിത്രബോധം അൽപ്പം ആവശ്യമാണ്. ജോലി ആവശ്യമുള്ള കൂലിക്കാർ ചന്തസ്ഥലത്ത് നിശ്ചിത സ്ഥലത്ത് ഒത്തു കൂടുമായിരുന്നു. യജമനൻമാർ വന്ന് തങ്ങൾക്ക് ആവശ്യമുളലവരെ

വിളിച്ചുകൊണ്ടുപോകുന്ന പതിവാണ് ഉണ്ടായിരുന്നത്. അതേസമയം തന്നെ, വിളവെടുപ്പ് കാലത്ത് ജോലിക്കാരെ കിട്ടാൻ നല്ല പ്രയാസവും. വിളഞ്ഞ മുന്തിരി വിളവെടുപ്പ് നടത്തിയില്ലെങ്കിൽ പാലസ്തീനായിലെ കലാവസ്ഥയിൽ നശിച്ച് പോകും. അതുകൊണ്ട് മാത്രമാണ് മൂന്നാം മണിക്കൂറിലും ആറാം മണിക്കൂറിലും ഒമ്പതാം മണിക്കൂറിലും പതിനൊന്നാം മണിക്കൂറിലും യജമാൻ കൂലിക്കാരെ തേടി ചന്തസ്ഥലത്തെത്തുന്നത്. ഏറ്റവും കുറച്ചു സമയം മാത്രമാണ് ജോലി ചെയ്യുന്നതെങ്കിലും അത്രയെങ്കിലും മുന്തിരി പാഴായി പോകുന്നത് ഒഴിവാക്കാമല്ലോ! ചുരുക്കത്തിൽ വരികൾക്കിടയിലൂടെ വായിച്ചാൽ, "ദൈവരാജ്യ ശുശ്രൂഷയ്ക്ക് ഓരോ സെക്കന്റും വിലപ്പെട്ടതാണ്." അതുകൊണ്ട്, സമയത്തെ വേണ്ടവിധത്തിൽ ക്രമപ്പെടുത്തി ദൈവരാജ്യ വ്യാപനത്തിന് ഉത്സാഹികളാകണമെന്ന് ക്രിസ്തു തന്റെ ജീവിതത്തിലൂടെ ഓർമ്മപ്പെടുത്തുന്നു.

ജോലിക്കാർ എന്തുകൊണ്ടാണ് ആദ്യ വരവിൽ തന്നെ യജമാനന്റെ ദൃഷ്ടിയിൽ പെടാതിരുന്നത്? ഒരു പക്ഷെ യജമാൻ ശ്രദ്ധയോട് കൂടി നോക്കാത്തതുകൊണ്ടോ അല്ലെങ്കിൽ യജമാനന്റെ ദൃഷ്ടിയിൽപെടുമാറ് നിന്നുകൊടുക്കാൻ കൂലിക്കാർക്ക് സാധിക്കാത്തതുകൊണ്ടോ ആയിരുക്കും. ഇവിടെ, കൂലിക്കാരുടെ മനോഭാം അതിശ്രേഷ്ഠമാണ്. അവരുടെ ജീവിതത്തിൽ പ്രത്യാശയുണ്ടായിരുന്നു. 'പകലിന്റെ അദ്ധ്വാനം താങ്ങാൻ കഴിവില്ലാത്തവരാണ് ഇവരെന്ന്" പറഞ്ഞ് പല യജമാൻമാരും പുറംതിരിഞ്ഞ് അകന്നിട്ടും അവർ ഭഗ്നാശരായില്ല. അവർ സ്വകുടുംബത്തിലേയ്ക്ക് തിരിച്ചു പോയതുമില്ല... മടിയൻമാരുമായില്ല. മറിച്ച്, തങ്ങളെ ആവശ്യമുള്ള യജമാന്റെ വരവും കാത്ത് അവർ ചന്തസ്ഥലത്തിരുന്നു. മൂന്നാം മണിക്കൂറും, ആറാം മണിക്കൂറും, ഒമ്പതാം മണിക്കൂറും അവരിൽ പ്രത്യാശ പൂക്കുന്നതായിരുന്നു. അവസാന നിമിഷം വരെ പ്രത്യാശയോട് കൂടെ കാത്തിരുന്നവരെ കർത്താവ് ആദ്യം വന്നവരോട് സമമപ്പെടുത്തിയെങ്കിൽ അതിലെന്ത് തെറ്റ്? ജീവിതത്തൽ വിജയങ്ങൾ വെട്ടിപ്പിടിക്കാൻ നമുക്കാവശ്യം ഈ പ്രത്യാശതന്നെയാണ്.

*ദൈവരാജ്യത്തിന്റെ സ്വഭാവമാണ് ഈ ഉപമ... മുമ്പൻമാർ പിമ്പൻമാരും, പിമ്പൻമാർ മുമ്പൻമാരുമാക്കപ്പെടും അവിടം. അതുകൊണ്ടുതന്നെ, ദൈവത്തിന്റെ കരുണയും നന്മയും ഉൾക്കൊള്ളുന്നതാണ് ഈ ഉപമ.*

ദൈവം പലപ്പോഴും മനുഷ്യനെ സന്ദർശിക്കുന്നത് ഇപ്രകാരമുള്ള 'പതിനൊന്നാം' മണിക്കൂറിലാണ്. ഇസ്രായേൽ ജനം ഈജിപ്തിൽ കിടന്ന് അനുഭവിക്കേണ്ട നരകയാതന അതിന്റെ പൂർണതയിൽ അനുഭവിക്കുമ്പോഴാണ് ദൈവം അവരെ സന്ദർശിക്കുന്നത്. ദൈവം മോശയിലൂടെ പതിനൊന്നാം മണിക്കൂറിൽ ഇടപ്പെടുകയാണ്. പുത്രസൗഭാഗ്യത്തിനായ് നീണ്ട തൊണ്ണൂറ്റിയൊൻപത് വർഷങ്ങൾ കാത്തിരുന്ന അബ്രഹത്തിന്റെ ജീവിതത്തിൽ ദൈവം ഇടപെടുന്നത് 'പതിനൊന്നാം' മണിക്കൂറിലാണ്. വൃദ്ധരായിരുന്ന എലിസബത്തിന്റെയും സഖറിയായുടെയും ജീവിത്തിൽ ദൈവം ഇടപെടുന്നതും ഈതേ 'പതിനൊന്നാം' മണിക്കൂറിലാണ്. കർത്താവിനെപ്പോലെ യാകാൻ ആഗ്രഹിച്ചവൻ കർത്താവിനെപ്പോലെ വെള്ളത്തിന് മുകളിലൂടെ നടക്കാൻ പരിശ്രമിക്കുമ്പോൾ കടലിന്റെ ആഴങ്ങളിൽ ആഴ്ത്തപ്പെടുമ്പോൾ കർത്താവ് ഇടപ്പെടുന്നതും ഇതേ 'പതിനൊന്നാം' മണിക്കൂറിലാണ്. ഇനി മുതൽ ദൈവം എന്തുകൊണ്ട് നേരത്തെ ഇടപ്പെടുന്നില്ല എന്നുള്ള ചോദ്യം നമുക്ക് അവർത്തിക്കാതിരിക്കാം. മറിച്ച്, ദൈവം ഇടപെടുന്ന നിമിഷത്തിന് വേണ്ടി നമുക്ക് കാത്തിരിക്കാം.



എന്തുകൊണ്ടാണ് ആദ്യം വന്നവനും അവസാനം വന്നവും യജമാനൻ ഒരേ കൂലി തന്നെ നൽകുന്നത്? അത് കർത്താവിന്റെ നീതിബോധമാണ്. 'താരതമ്യം' ഇതാണ് ഇന്നത്തെയും ഇന്നലത്തെയും എന്നത്തെയും പ്രശ്നം. ഒരു ദനാറ പ്രതിഫലത്തിനാണ് ആദ്യം വന്ന കൂലിക്കാർ കരാർ ഏറ്റെടുത്തിരുന്നത്. അവർക്ക് അർഹിച്ചത് യജമാൻ കൊടുത്തതുമാണ്. എന്നിട്ടും, എന്തേ അവർ യജമാനനിൽ സംപ്രീതരാകാതിരുന്നത്. കാരണം, അവസാനം വന്നരെ പകലിന്റെ ചൂടും അദ്ധ്വാനം സഹിച്ച ഞങ്ങളോട് തുല്ല്യപ്പെടുത്തി. അർഹമായത് ന്യായമായി ലഭിച്ച കൂലിക്കാർക്ക് സഹിക്കാൻ സാധിക്കാതിരുന്ന

ത്, 'ഞങ്ങളെക്കാൾ കുറവ് അവസാനം വന്നവർക്ക് ലഭിച്ചില്ല' എന്നുള്ളതാണ്. ഇവിടെ യജമാനന്റെ മറുപടി ചിന്തോദീപകമാണ്, "ഞാൻ നല്ലവനായതുകൊണ്ട് നീ എന്തിന് അസൂയപ്പെടുന്നു! എന്റെ വസ്തുവകകൾകൊണ്ട് എനിക്ക് ഇഷ്ടമുള്ളത് ചെയ്യാൻ പാടില്ലെന്നോ?"

സഹോദരങ്ങളുടെ നന്മയും സമൃദ്ധിയും നമ്മുടെ ഉറക്കം കെടുത്തുന്നുണ്ടോ? ഇവിടെ സ്നാപകയോഹന്നാൻ നമുക്ക് മാതൃകയാണ്, "അവൻ വളരുകയും ഞാൻ കുറയുകയും വേണം."

ക്ലാസിൽ അരപരീക്ഷയുടെ ഉത്തരപേപ്പർ നൽകുകയാണ് ക്ലാസ് ടീച്ചർ. തോൽക്കുമെന്ന് വിചാരിച്ചിരുന്നവരൊക്കെ വലിയ സന്തോഷത്തിലാണ്. കാരണം, എല്ലാവരും ജയിച്ചിരിക്കുന്നു. പക്ഷെ, ഒരാൾക്ക് മാത്രം സന്തോഷിക്കാൻ സാധിക്കുന്നില്ല. പരീക്ഷയിൽ രണ്ടാം സ്ഥാനം ലഭിച്ചവന് മാത്രം. കാരണം, അവനെക്കാൾ വലിയവൻ ഒരാളുണ്ട് എന്നുള്ള ചിന്ത അവനെ അലോസരപ്പെടുത്തുന്നു.

ആരും
ആരെയക്കാളും
വലുതല്ല....
ഇവിടെ "വരുത്തൻമാരും"
"ഇരുത്തൻമാരും" ഇല്ല...
ശുശ്രൂഷകർ മാത്രം.
എല്ലവരും ഒരുപോലെ
സ്വർഗ്ഗരാജ്യത്തിന് ആവകാശികളാകുന്നു.

---

ഫാ. ജോബി മേനോത്ത്